ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയുണ്ടായി. വിനിയോഗ സാക്ഷ്യപത്രം അനുവദിക്കുന്നതിന് പ്ലെ.കെ.എം നോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നാണ് മറുപടിയിൽ ലഭ്യമാക്കിയത്. ആയതിനാൽ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 57,663/രൂപ ഓഡിറ്റിൽ തടഞ്ഞുവെച്ചിട്ടുള്ളതാണ്(ഓഡിറ്റ് എൻക്വയറി നം.11, തീയതി.08.08.2025)

I-15 ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - പദ്ധതി പൂർത്തിയാക്കിയിട്ടില്ല.

പ്രോജക്ട് നം.	SO207/25
പ്രോജക്ടിന്റെ പേര്	സ്മാർട്ട് ഗാർബേജ്
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 1,65,639/-രൂപ
ചെലവ് തുക	36,735/-രൂപ
വൗച്ചർ നമ്പർ, തീയതി	XVFC/2023-24/P/46 തീയ്യതി, 27.03.2025

ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പദ്ധതിയുടെ ഭാഗമായി ഗ്രാമ പഞ്ചായത്തിലെ 13 വാർഡുകളിൽ 2449 എണ്ണം കൂ ആർ കോഡ് പതിപ്പിച്ചതിന്റെ ചാർജ് ഇനത്തിൽ 36,735 രൂപ ചെലവഴിച്ചിട്ടുണ്ട്. വിവിധ വാർഡുകളിൽ തുക നൽകിയതിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

ക്ര നം	വാർഡ് നം	തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ	കൂ ആർ കോഡ് പതിപ്പിച്ച എണ്ണം	നൽകിയ തുക
1	1	ശ്രീമതി.മോഹിനി	206	3090
2	2	ശ്രീമതി.മേരി	225	3375
3	3	ശ്രീമതി.സുലോചി	167	2505
4	4	ശ്രീമതി.മാലിനി. എൻ	173	2595
5	5	ശ്രീമതി.സവിത	195	2925
6	6	ശ്രീമതി.നിർമ്മലചി	149	2235
7	7	ശ്രീമതി.പുഷ്പലത എം	226	3390
8	8	ശ്രീമതി.പ്രവീണ	187	2805
9	9	ശ്രീമതി.സുശീല കെ	193	2895
10	10	ശ്രീമതി.ശൈലജാണി	244	3660
11	11	ശ്രീമതി.സവിത	134	2010
12	12	ശ്രീമതി.രാജിനി.ബി	168	2520

13	13	ശ്രീമതി.കസ്തൂരിപ്പൂ	182	2730
		ആകെ	2449	36735

കൂടാതെ കോഡ് പരിശോധിക്കുന്നതിന് ചെലവഴിക്കുന്ന തുക സംബന്ധിച്ച് തെറ്റായതിയിലുള്ള തിരുത്തലും, സ്റ്റാർട്ട് ഗാർഡൻ പദ്ധതി പൂർത്തീകരിച്ചത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തെറ്റുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതുവരെ തുക 36,735/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻകുയറി നം.17, തിയ്യതി.08.08.2025).

1-16 VEELS സോഫ്റ്റ്വെയർ അപര്യാപ്തത വരുത്തിയിട്ടു

ധനകാര്യ (ഐ.ടി, സോഫ്റ്റ്വെയർ) വകുപ്പിന്റെ 22.10.2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "Vehicle Management And Location Tracking System (VEELS)" എന്ന വെബ്സൈറ്റിൽ 30.11.2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്.

പദ്ധതിയിൽ നിലവിലുള്ള വാഹനങ്ങളുടെയും പദ്ധതിയിലെ അനുബന്ധ സ്ഥാപനങ്ങളിലെയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ പ്രസ്തുത വെബ്സൈറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ആരാഞ്ഞുകൊണ്ട് നൽകിയ 18/08.08.2025 നമ്പർ ഓഡിറ്റ് എൻകുയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ടായി. മറുപടിയിൽ "Vehicle Management And Location Tracking System (VEELS)" എന്ന വെബ്സൈറ്റിൽ അപ്ഡേഷൻ ചെയ്തിട്ടില്ല എന്നും ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ പ്രസ്തുത വെബ്സൈറ്റിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1-17 തൊഴിലുറപ്പ് പദ്ധതിയിലെ സിമന്റ് വാങ്ങൽ- മാർക്കറ്റ് നിരക്കിനേക്കാൾ അധികം നിരക്കിൽ സാധനങ്ങൾ വാങ്ങി.

2024-25 സാമ്പത്തിക വർഷത്തിൽ MGNREGA പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് മാർക്കറ്റ് വിലയേക്കാൾ വളരെ കൂടിയ തുക നൽകിയാണ് സിമന്റ് വാങ്ങിയിട്ടുള്ളത്. SECURE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ സിമന്റിന് ഉൾപ്പെടുത്തിയ നിരക്ക് അടിസ്ഥാനമാക്കിയാണ് ടെണ്ടർ ചെയ്ത് സിമന്റ് വാങ്ങിയത്. ഒരു ടണ്ണിന് 11,520 രൂപയാണ് സോഫ്റ്റ് വെയറിൽ സിമന്റിന്റെ വില. ഈ നിരക്കിൽ 50 കിലോയുടെ ഒരു ചാക്കിന് 450 രൂപയാണ് വിലയായി കണക്കാക്കിയിരിക്കുന്നത്. ഈ നിരക്ക് പ്രകാരം ടെണ്ടർ ചെയ്താണ് വാങ്ങലുകൾ നടത്തിയിരിക്കുന്നത്. എല്ലാ പ്രവൃത്തികളിലും എസ്റ്റിമേറ്റ് നിരക്കുകളിലാണ് ടെണ്ടർ എടുത്തിരിക്കുന്നതും വെണ്ടർമാർക്ക് പോരെന്റ് നൽകിയിരിക്കുന്നതും.

ഉദാ-

ക്രമ നം	പ്രവൃത്തി	സിമന്റിന്റെ അളവ്, നിരക്ക്
1	പ്രവൃത്തി - നാട്ടുകൽ മുതൽ ജലാലെ റോഡ് വാർഡ് -10 വരെയുള്ള കോൺക്രീറ്റ് റോഡ് (1601002002/RC/GS/49771) കരാറുകാരൻ- ഇസ്മയിൽ അഷ്റഫ് എ.എൻ. ഇൻവോയ്സ് നം. 091/GSTIN?21-02-2024	വാങ്ങിയ സിമന്റ്- 17.6400 ടൺ X Rs.11520/ടൺ = 203212.80 രൂപ നിരക്ക്- ചാക്കിന് 450 രൂപ
2	പ്രവൃത്തി -റോഡ് കോൺക്രീറ്റ് ഇടവാണി അങ്കണ്ക ത്രയമോന വാർഡ്-6 (1601002/RC/GS/59733) കരാറുകാരൻ- മുഹമ്മദ് അഷ്റഫ് എ-എൻ.	വാങ്ങിയ സിമന്റ്- 17.7120 X Rs.11520 /ടൺ = 204042.24 രൂപ നിരക്ക്- ചാക്കിന് 450 രൂപ

	ഇൻവോയ്സ് നം. 013/GSTIN/15-03-2024	
3	പ്രവൃത്തി -പുലിത്തടി വരെയുള്ള നെടിക്കാല റോഡ് കോൺക്രീറ്റ് ചെയ്യൽ വാർഡ്-9 (1601002002/RC/GIS/58021) കരാറുകാരൻ- ഗുഗദേവ് അഷ്ടസിംഗ് എ.എൻ. ഇൻവോയ്സ് നം. 088/GSTIN/15--2-24	വാങ്ങിയ സിമന്റ്- 17.1306 ടൺ X Rs.11520ടൺ = 197344.08 രൂപ നിരക്ക്- ചാക്കിന് 450 രൂപ
4	പ്രവൃത്തി – കോൺക്രീറ്റ് കിന്നിംഗർ സൂക്ഷക്കാട്ടെ-ഇയ്യുല വാർഡ്-1 (1601002002/RC/GIS/49687) കരാറുകാരൻ- നസീർ ബി ഇൻവോയ്സ് നം. 04/GSTIN/08-04-2024	വാങ്ങിയ സിമന്റ്- 17.7120x ടൺ X Rs.11520 /ടൺ = 204042.24 രൂപ നിരക്ക്- ചാക്കിന് 450 രൂപ
5	പ്രവൃത്തി – റോഡ് കോൺക്രീറ്റ് മടക്ക കല്ലർ റോഡ് വാർഡ് -13 (1601002002/RC/GIS/49776) കരാറുകാരൻ- ഗുഗദേവ് അഷ്ടസിംഗ് എ.എൻ ഇൻവോയ്സ് നം. 001/GSTIN/05-03-24	വാങ്ങിയ സിമന്റ്- 17.7120 X ടൺ X Rs.11520 /ടൺ = 204042.24 രൂപ നിരക്ക്- ചാക്കിന് 450 രൂപ
6	പ്രവൃത്തി – ഗോളിക്കാട്ട കുന്ന് തൊടുതടി വരെയുള്ള റോഡ് കോൺക്രീറ്റ് ചെയ്യൽ -വാർഡ്-11 (1601002002/RC/GIS/52212) കരാറുകാരൻ- നസീർ ബി ഇൻവോയ്സ് നം. 11/GSTIN/05-03-24	വാങ്ങിയ സിമന്റ്- 17.7120 X ടൺ X Rs.11520 /ടൺ = 204042.24 രൂപ നിരക്ക്- ചാക്കിന് 450 രൂപ

2024-25 ൽ കാസർഗോഡ് ജില്ലയിൽ സിമന്റിന്റെ ശരാശരി MRP ഒരു ചാക്കിന് 400 രൂപയിൽ താഴെയാണ്. എന്നാൽ ഇത് പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ ചെയ്യുന്നതിനാൽ MRP യെക്കാൾ വളരെയധികം ഉയർന്ന നിരക്കിന് സിമന്റ് വാങ്ങേണ്ടി വന്നിട്ടുണ്ട്. വെണ്ടർമാർക്ക് ഉയർന്ന നിരക്കിനുള്ള അവസരം നിന്നും സിമന്റിന്റെ ഇൻവോയ്സ് വാങ്ങിയിട്ടുണ്ടെങ്കിലും നിരക്കുകൾ പരിശോധിച്ച് അപാകതകൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഇതേ പോലെ എല്ലാ റോഡ് കോൺക്രീറ്റ്/ഡ്രെയിനേജ്/ ഫൈഡ് പ്രൊട്ടക്ഷൻ വർക്കുകളിലും സിമന്റ് സംഭരിക്കപ്പെടുന്നത് മേൽ വിവരിച്ച പ്രകാരമാണ്. വലിയ അധികപ്പെലവ് ഇതിന് പഞ്ചായത്തിന് വഹിക്കേണ്ടി വന്നിട്ടുണ്ട്.

സാധന സാമഗ്രികൾ ഉപയോഗിച്ചിട്ടുള്ള വ്യക്തമായ വർക്കുകളുടെ ഫയലിൽ ഉണ്ടായിരുന്നാൽ വാങ്ങിയ സാധന സാമഗ്രികളുടെ ബില്ലുകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ ബില്ലുകളുടെ പരിശോധനയിൽ 2024-25 ൽ കാസർഗോഡ് ജില്ലയിൽ സിമന്റിന്റെ ശരാശരി MRP ഒരു ചാക്കിന് 400 രൂപയിൽ താഴെയാണ് എന്ന് മനസ്സിലാക്കാവുന്നതാണ്.

SECURE സോഫ്റ്റ് വെയറിലെ നിരക്ക് അനാലിസിസ് പാരിച്ച് ടെണ്ടർ ചെയ്യുന്നതിന് പകരം നിരക്ക് ക്രമാതീതമായി അധികമാണെന്ന് മനസ്സിലാക്കി മാർക്കറ്റ് നിരക്ക് അടിസ്ഥാനപ്പെടുത്തി ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കി ടെണ്ടർ ചെയ്യുന്നതുവഴിയിൽ ഭീമമായ അധികപ്പെലവ് ഒഴിവാക്കാവുന്നതാണ്.

ഈ വിഷയം മറ്റ് പല ബില്ലുകളിലും NREGA കോംപ്ലയിന്റ് പോർട്ടൽ മുഖേന ശ്രദ്ധയിൽപ്പെടുകയും നിർബന്ധമായും പാക്കേജിൽ സാമഗ്രികൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ നിരക്ക് MRPയെക്കാൾ അധികം വരാത്ത വിധത്തിൽ മാർക്കറ്റ് നിരക്ക് അടിസ്ഥാനമാക്കി ടെണ്ടർ ചെയ്യണമെന്ന് അവാർഡ് വന്നിട്ടുള്ളതാണ്. (ഉദാഹരണം MGNREGA അഡീഷണൽ കമ്മീഷ്ണറുടെ 08.07.2022-ലെ OMB/ALP/AW/20/2022-ലെ ഉത്തരവ്.)

ശരാശരി മാർക്കറ്റ് നിരക്കിനേക്കാൾ അധികം ഇക്കയിൽ സിമന്റ് സംഭരിക്കുവാനുണ്ടായ സാഹചര്യങ്ങൾ വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എസ്കയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയം തൊഴിലുറപ്പ് പദ്ധതി മിഷൻ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി സോഫ്റ്റ്വെയറിലെ നിരക്കുകൾ കാലികമായി പരിഷ്കരിച്ച് അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് പരിഹാരമുണ്ടാക്കേണ്ടതാണ്.മേൽ അപാകം സംബന്ധിച്ച് വിശദീകരണം

ലഭ്യമാക്കേണ്ടതാണ്.
എസ്റ്റിമേറ്റ് നം.23 / 11.08.2025

1-18 വിദ്യാർത്ഥികൾക്ക് (എസ് .ടി.) തേൻ, കസേര നല്കൽ- പദ്ധതി നടപ്പിലാക്കൽ- വകുപ്പുതല രേഖകളുടെ കവർ

2024-25,സാമ്പത്തിക വർഷത്തിൽ, നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രധാനാധ്യാപിക തയ്യാറാക്കിയ പദ്ധതി നടപ്പിലാക്കുന്നതിന് നല്കിയ ഇകവുടെ വിശദ വിവരം താഴെ ചേർക്കുന്നു .

പ്രൊജക്ട് നമ്പർ /പ്രൊജക്ട്	70/2024-25 വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം എസ്. ടി.
അടങ്കൽ തുക	2,77,000രൂപ
ചെലവ് തുക	2,77,000രൂപ
ബിൽ റഫറൻസ് നമ്പർ/ തിയ്യതി	24200252018401624386 തിയ്യതി: 21-03-2025(A/C No-42043070001694)
ഫണ്ട് ഇനം	വികസന ഫണ്ട് (ടി.എസ്.പി)

2024-25 സാമ്പത്തിക വർഷത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രധാനാധ്യാപിക തേൻ പദ്ധതി നടപ്പിലാക്കുന്നതിനായി 2,77,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്ന 75 എസ്.ടി. വിദ്യാർത്ഥികൾക്ക് ഓരോ തേനും കസേരയും നൽകുന്നതാണ് പദ്ധതി. പ്രൊപ്പോസലായി കാസർഗോഡ് തോട്ടത്തിൽ എന്റർപ്രൈസസ് നിന്നും തേനും കസേരയും ലഭ്യമാക്കി അർഹരായ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.സ.ഉ.(ആക) നം.115/2022/ I.SGD തിയതി, തിരുവനന്തപുരം,28.05.2022, ഖണ്ഡിക 7.2.6, പ്രകാരം , വിദ്യാർത്ഥികൾ , പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർ ആനുകൂല്യത്തിന് അർഹരല്ല എന്ന് പരാമർശിക്കേണ്ടതാണ്. എന്നാൽ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും തേനും കസേരയും അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം പ്രിൻസിപ്പൽ ഹാജരാക്കിയിട്ടില്ല.

ഈ പദ്ധതിക്ക് പർച്ചേസ് കമ്മിറ്റി, ഫർണിച്ചറുകളുടെ ഗുണനിലവാരം പരിശോധിച്ചത്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.24/11.08.2025). അതിനാൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നും സാക്ഷ്യപത്രം,അനുബന്ധ രേഖകൾ എന്നിവ ലഭ്യമാക്കുന്നതു വരെ ചെലവ് ഇനമായ 2,77,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 ഇല്യൂമിനേഷൻ കോഴ്സ് ഫീസ് നൽകൽ-രേഖകൾ ഹാജരാക്കിയില്ല.

നിർവഹണം- പ്രധാന അധ്യാപിക

പ്രൊജക്ട് നമ്പർ - 65/24-25 - ഇടർ സാക്ഷരതാ പ്രവർത്തനം. അടങ്കൽ - 100,000 രൂപ (വികസന ഫണ്ട്-ജനറൽ), ചെലവ്- 79,150രൂപ (ബിൽനമ്പർ നം . 24200252018401481074/തീ. 10.03.2025).

മേൽ പ്രൊജക്ട് പ്രകാരം പങ്കാളിത്തം ഇല്യൂമിനേറ്റായി 5 പഠിതാക്കളുടെ പഠിക്കാ ഫീസ് ഇനത്തിൽ 9750 (5x1950=9750) രൂപയും, ഹയർസെക്കണ്ടറി ഇല്യൂമിനേറ്റ കോഴ്സിനായി 9 പഠിതാക്കളുടെ പഠിക്കാ ഫീസ് ഇനത്തിൽ 23,400 (9x2,600=23,400) രൂപയും, ഗ്രഡ് ഇംപ്രൂവിസ് 23 പഠിതാക്കളുടെ പഠിക്കാ ഫീസ് ഇനത്തിൽ 46,000 (23x2000=46,000) രൂപയും,ആകെ തുക 79,150 രൂപ സാക്ഷരതാ മിഷനിൽ അടച്ചിട്ടുണ്ട(A/C-57026996123 -9750/-,02880100113107-23,400/-, 38444973881-46,000/-). ഇപ്രകാരം ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

എ) പതിനാലാം പഞ്ചവത്സര പദ്ധതി - സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ (ആക) 115/2022 ത.സ്വ.ഭ.വ, തിയ്യതി. 28.5.22 ഖണ്ഡിക 2.15(2) ലെ നിർദ്ദേശങ്ങൾ പ്രകാരം പൊതുവിഭാഗത്തിൽ ഉൾപ്പെടുന്ന പഠിതാക്കളുടെ കുടുംബ വാർഷിക വരുമാന പരിധി രണ്ട് ലക്ഷം രൂപയിൽ അധികരിക്കുന്നില്ലെന്ന് തെളിയിക്കുന്ന രേഖകൾ

ബി) ഇല്യൂമിനേഷൻ അനുവദിച്ച ഗുണഭോക്താക്കൾ പരീക്ഷയ്ക്ക് ഹാജരായതിന്റെ രേഖകൾ (ഹാൾടിക്കറ്റ്, മാർക്ക് ലിസ്റ്റ് മുതലായവ). പ്ലസ് ടു വിഭാഗം ഇല്യൂമിനേറ്റർമാരായുള്ള പഠിതാക്കളുടെ പരിശീലന ക്ലാസ്സുകളുടെ വിവരങ്ങൾ, ഗുണഭോക്താക്കൾ കോഴ്സ് പൂർത്തിയാക്കിയതിന്റെ രേഖകൾ.

സി) ഗ്രാമപഞ്ചായത്ത് തീരുമാനത്തിന്റെ പകർപ്പ്.

ഡി) പ്രോജക്ട് സംബന്ധിച്ച ടെക്നിക്കൽ റിപ്പോർട്ട്.

ഇ) ടെക്നിക്കൽ രേഖകൾ .

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കുന്നതിനായി വികസന ഫണ്ടിൽ നിന്നും പിൻവലിച്ച 79,150 രൂപയുടെ ചെലവ് തടഞ്ഞുവെയ്ക്കുന്നു.

ഓഡിറ്റ് എൻക്വയറി നം. 25/ 11.08.2025

1-20 വിദ്യാർത്ഥികൾക്ക് (എസ്.ടി.) ലാപ് ടോപ് നല്കൽ- പദ്ധതി നടപ്പിലാക്കൽ- വകുപ്പുതല രേഖകളുടെ കുറവ് .

2024-25,സാമ്പത്തിക വർഷത്തിൽ, നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രധാനാധ്യാപിക തയ്യാറാക്കിയ പദ്ധതി നടപ്പിലാക്കുന്നതിന് നല്കിയ ഇകയുടെ വിശദ വിവരം താഴെ ചേർക്കുന്നു .

പ്രൊജക്ട് നമ്പർ /പ്രൊജക്ട്	69/2024-25 വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് എസ്. ടി.
അടങ്കൽ ഇക	5,00,000രൂപ
ചെലവ് ഇക	4,84,250രൂപ
ബിൽ റഫറൻസ് നമ്പർ/ തിയ്യതി	242002520184013741?8 തിയ്യതി: 24-02-2025,(A/C No-120001686546)
ഫണ്ട് ഇനം	വികസന ഫണ്ട് (ടി.എസ്.പി)

2024-25സാമ്പത്തിക വർഷത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രധാനാധ്യാപിക മേൽ പദ്ധതി നടപ്പിലാക്കുന്നതിനായി 4,84,250 രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ പട്ടികയിൽ പഠിക്കുന്ന എസ്.ടി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകുന്നതാണ് പദ്ധതി. Jo And Jo എന്റർപ്രൈസസ് നിന്നും ലാപ് ടോപ്പ് ലഭ്യമാക്കി അർഹരായ 13 വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.സ.ഉ.(കൈ) നം.115/2022/ LSGD തീയതി, തിരുവനന്തപുരം,28.05.2022, ഖണ്ഡിക7.2.6. പ്രകാരം , വിദ്യാർത്ഥികൾ , പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർ ആയിരിക്കുന്നതിന് അർഹരല്ല എന്ന് പ്രമാണപ്പെടുത്തേണ്ടതാണ്. എന്നാൽ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലാപ് ടോപ്പ് അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രൊജക്ട് ഇക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ പുണ്ടിക്കാണിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.29 / 12.08.2025). അതിനാൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ ചെലവ് ഇകയായ 4,84,250 രൂപ ഓഡിറ്റിൽ തടഞ്ഞുവെയ്ക്കുന്നു.

1-21 ജൽ ജീവൻ മിഷൻ പദ്ധതി

സുരക്ഷിതവും മതിയായതുമായ കുടിവെള്ളം ഉറപ്പാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും വ്യക്തിഗത കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. G.O(എം.എസ്) No. 37/2020/WRD Dt.08.06.2020 പ്രകാരം സംസ്ഥാന സർക്കാർ പദ്ധതിയ്ക്ക് അനുമതി നല്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ ആകെ ചെലവിന്റെ 50 ശതമാനം ഇക കേന്ദ്രസർക്കാരും 25ശതമാനം സംസ്ഥാന സർക്കാരും 15 ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപനവും 10 ശതമാനം ഗുണഭോക്താക്കളും വഹിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് ഇക, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ കേരള ജല അതോറിറ്റിയിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.3 തിയതി.04/08/2025 ന് ഗ്രാമ പഞ്ചായത്തിൽ ജല ജീവൻ മിഷൻ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 2021-22 മുതൽ 2024-25 വരെയുള്ള കാലയളവിൽ സ്ഥാപന വിഹിതമായോ ഗുണഭോക്തൃ വിഹിതമായോ ഇകയൊന്നും വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടില്ല എന്ന് അധികൃതർ അറിയിക്കുകയുണ്ടായി .

ജല ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുമ്പോൾ പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃവിഹിതവും കണ്ടെത്തുവാൻ കഴിയാതെ വരുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് എം.എൽ.എ മാരുടെ നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും ഇക അനുവദിക്കുന്നതിന് സ.ഉ.(സാധ) നം. 4584/2020/ധന/തിയ്യതി. 10.08.2020 പ്രകാരം

ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് പ്രകാരം ഫണ്ട് കൈമാറ്റുന്നതിനുള്ള സാങ്കേതികത്വം ഗ്രാമ പഞ്ചായത്ത് പ്രയോജനപ്പെടുത്തിയിരുന്നില്ല.

ഗ്രാമ പഞ്ചായത്ത് മിഷൻ പദ്ധതിയിൽ നിലവിലുള്ള ബന്ധിത പദ്ധതികളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നത് പരിഗണിക്കേണ്ടതാണ്. കേരള വാട്ടർ അതോറിറ്റിയുമായി സഹകരിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-22 മെഷർത്ത് ഗ്രാന്റ് വിനിയോഗം –അവലോകനം

പരിസ്ഥിതി ശുചിത്വം കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യമേഖല ഗ്രാന്റ് അനുവദിക്കുന്നത്. കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021-ന് പുറപ്പെടുവിച്ച 15(2)FC-XV/FCD/2020-25 നമ്പർ മാർഗ്ഗരേഖ, കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയം 31.08.2021 ന് പുറപ്പെടുവിച്ച സാങ്കേതിക പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പ്രകാരമാണ് ഗ്രാന്റ് വിനിയോഗിക്കുന്നത്. ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള കർമ്മപദ്ധതി സംസ്ഥാന ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കുകയും ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള ഇൻപുട്ട് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. 2021-22 വർഷത്തെ ആരോഗ്യ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ. (സാധാ) നം. 2132/2022/ LSGD തീ 31.8.2022 പ്രകാരവും 2022-23ലെ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ. (സാധാ) നം. 2156/2022/LSGD തീ 1.9.2022, സ.ഉ (സാധാ) നം. 1625/2023/ തസ്വഭവ തീ 9-8-2023 എന്നിവ പ്രകാരവും മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ക്ലാരത്ത സർക്കാർ നമ്പർ എഫ്.എം 3/138/2023 തസ്വഭവ തീ 23.5.2023 പ്രകാരം അവാർഡ് കാലയളവിൽ (2021-26) ലഭിക്കുന്ന മെഷർത്ത് ഗ്രാന്റിന്റെ സുഗമമായ നിർവഹണത്തിനുള്ള നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരമാണ് ഗ്രാന്റ് വിനിയോഗിക്കേണ്ടത്.

2021-22 മുതൽ 2024-25 വരെയാണ് പദ്ധതി കാലയളവ്. ഇതിൽ മൊത്തം ഗ്രാമ പഞ്ചായത്തിന് 2021-22 കാലയളവിൽ ഗ്രാന്റ് ലഭിച്ചിട്ടില്ല. ഉത്തരവിലെ 6 സൂചികളിൽ ക്ലോ നമ്പർ 6-1സൂചി(1), 6-3സൂചി(3), 6-4സൂചി(4) എന്നിവ മാത്രമാണ് ഗ്രാമ പഞ്ചായത്തുകൾക്ക് ബാധകമായിട്ടുള്ള സൂചികൾ. സൂചികളുടെ വിവരം താഴെ ചേർക്കുന്നു

6-1 (1). കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപ കേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം .

6-3 (3). ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

6-4 (4). ഗ്രാമ പ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും മെഷർത്ത് ആസ്തി വൽക്കരണ പ്രവർത്തനങ്ങൾ നടപ്പാക്കൽ.

ഗ്രാമ പഞ്ചായത്തിൽ 2022-23 മുതൽ 2024-25വരെ ലഭിച്ച മെഷർത്ത് ഗ്രാന്റ്

ഇതുടെ വിവരങ്ങൾ വർഷം തിരിച്ച് താഴെ ചേർക്കുന്നു.

1) മെഷർത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച ഇതുടെ വിവരങ്ങൾ (വർഷം തിരിച്ച്)

വർഷം	സൂചി 1			സൂചി 3			സൂചി 4		
	ഗ്രാന്റ്	പലിശ	ആകെ	ഗ്രാന്റ്	പലിശ	ആകെ	ഗ്രാന്റ്	പലിശ	ആകെ
2021-22	0	0	0	0	0	0	0	0	0
2022-23	0	0	0	236447	3193	239640	80000	1570	81570
2023-24	0	0	0	605000	8976	613976	273000	5076	278076
2024-25	0	0	0	252000	18002	270002	434000	3853	437853
ആകെ	**0**	**0**	**0**	**1093447**	**30171**	**1123618**	**817000**	**10499**	**827499**

2) മെഷർത്ത് ഗ്രാന്റ് ഇനത്തിൽ ചെലവാക്കിയ ഇതുടെ വിവരങ്ങൾ (വർഷം, സൂചി, ഇനം)

വർഷം	സൂചി -1	സൂചി - 3	സൂചി - 4	ആകെ
2021-22	0	0	0	0
2022-23	0	236439	109864	346303
2023-24	0	314511	264753	579264
2024-25	0	0	0	0
ആകെ	**0**	**550950**	**374617**	**925567**

3) നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പൊതുവിവരം

വർഷം	പദ്ധതിയുടെ പേര്	ചെലവ് തുക
2022-23	പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലേക്ക് ലാബ് സജ്ജീകരണം വാങ്ങൽ	236439
2022-23	മെഷർത്ത് ആസ്തി വൽക്കരണ പ്രവർത്തനം ചെയ്യുന്നത്	109864

2023-24	എഫ്എഫ്സിയിലും ഉപകേന്ദ്രങ്ങളിലും മൊത്ത നിർണ്ണയം സൗകര്യങ്ങൾ ഏർപ്പെടുത്തൽ	31458
2023-24	ഹെൽത്ത് ആൻഡ് വെൽനസ് സെന്റർ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ	264253

4) ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് സൃഷ്ടിച്ച ആസ്തികളുടെ വിവരം.

Laptop-3- Rs.145704/-

Printer-2- Rs.24994/-

Printer With Scanner-1 – Rs.20327/-

Haemoglobinometer-3- Rs.18800/-

Biosafetyhood/Inoculationhood-1 – Rs.23600/-

Mobilespotlight(2023)-1- Rs.17110/-

Digitalbp Apparatus 2 Rs.3933/-

Infrared Thermometer- Rs.1017/- -

EC Boards For Wellness Centres- Rs.20875/-

5) ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം-നിർമ്മാണ പ്രവൃത്തികൾ ഇല്ല.

6) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ.

Grants For Specific Purposes - Health Grant Towards Support For DiagnosticInfraStructure To The PHCs- Canara Bank A/C No:10044321986	5,96,749
Grants For Specific Purposes - Health Grant Towards Conversion Of PHCs AndSubcentres In To Health And Wellness Centres Canara Bank A/C No:10044322971	4,48,182

7) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭ്യമായ തുക വിനിയോഗിക്കാൻ സാധിക്കാതെ തിരിച്ചടക്കുകയോ, NHM/ HMC കൾക്ക് തൊടുകുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം –ബാധകമല്ല.

കേന്ദ്ര , സംസ്ഥാന സർക്കാരുകൾ മാതൃ സാമ്പത്തിക വർഷത്തിലും ഹെൽത്ത് ഗ്രാന്റ് ഇനത്തിലുള്ള തുക വിനിയോഗിക്കുന്നതിനുള്ള കർമ്മപദ്ധതി രൂപീകരിക്കുന്നതിനും വിനിയോഗിക്കുന്നതിനുള്ള പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരങ്ങൾ കേന്ദ്രസർക്കാരിന്റെ NHM പോർട്ടലിൽ അപ്ലോഡ് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലാണ് ഇടർന്നുള്ള ഗ്രാന്റ് ലഭ്യമാക്കുന്നത്. ആയതിനാൽ ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക പരമാവധി ഉപയോഗിക്കാത്ത പക്ഷം തുക ലാപ്സാകുന്നതാണ്. 2021-22 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷ കാലയളവിലേക്കാണ് സർക്കാർ, ഗ്രാമപഞ്ചായത്തിന് തുക അനുവദിച്ചിട്ടുള്ളത്. അതിനാൽ 2025-26 സാമ്പത്തിക വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് പ്രകാരം വകയിരുത്തിയ മുഴുവൻ തുകയും സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 02, തീയ്യതി.04.08.2025)

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

ഭാഗം -4

പൊതു വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം- തുക് സംബന്ധിച്ച പരിശോധന

സംസ്ഥാന സർക്കാർ ജീവനക്കാരുടെ ആരോഗ്യ ഇൻഷുറൻസ് പദ്ധതി (മെഡിസെപ്) യുടെ വിഹിതം അടുവാക്കണത്തുമായി ബന്ധപ്പെട്ട് പള്ളിക്കര ഗ്രാമപഞ്ചായത്തിലെ വിശദവിവരങ്ങൾ

1.മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

(1.4.2024 മുതൽ 31.3.2025 വരെയിൽ സർവ്വീസിൽ പ്രവേശിച്ചവരുടെത് ഒഴികെ)

മാസം	ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
04/24	09	4500	4500	0	-
05/24	09	4500	4500	0	-
06/24	08	4000	4000	0	-
07/24	08	4000	4000	0	-
08/24	08	4000	4000	0	-
09/24	07	3500	3500	0	-
10/24	04	2000	2000	0	-
11/24	03	1500	1500	0	-
12/24	03	1500	1500	0	-
01/25	05	2500	2500	0	-
02/25	05	2500	2500	0	-
03/25	05	2500	2500	0	-
	ആകെ	37000	37000	0	-

2.മെഡിസെപ് പ്രീമിയം ഒടുക്ക് (1.4.2024 മുതൽ 30.6.2024വരെയിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/22 മുതൽ അവലംബിൽ 07/23 മുതലുള്ള കടിശ്ശിക ഉൾപെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
0	0	0	0	0	0

3.മെഡിസെപ് പ്രീമിയം ഒടുക്ക് (1.7.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/22 മുതലുള്ള കടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ അത് ഉൾപെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
0	0	0	0	0	0

4.മെഡിസെപ് പ്രീമിയം ഒടുക്ക് (1.8.2024 മുതൽ 31.3.2025 വരെയിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക(07/22 മുതൽ അവലംബിൽ 07/24 മുതലുള്ള കടിശ്ശിക ഉൾപെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
0	0	0	0	0	0

4-2 വാർഷികവരുമാനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി	സർട്ടിഫിക്കറ്റ് നമ്പർ/തിയതി
2024-25	08.08.2025 & 11.08.2025	നാ.കെ.എസ്.എ-കെ.എസ്.ഡി7/894/2025

4-3 സംയുക്ത പദ്ധതികൾക്ക് വഴിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ഇക വഴിച്ച വർഷം	വഴിച്ച ഇക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
കാവുക്കര ബ്ലോക്ക് പഞ്ചായത്ത്	2024-25	128480	19/25-ഓൺ ക്ലാസിക്ക് ക്ലിനിക്കൽ	128480	0
		295037	7/25-ലൈഫ് വെന പദ്ധതി-പട്ടിക ജാതി 2024-25	295037	0
		189209	8/25-ലൈഫ് വെന പദ്ധതി-പട്ടിക വർഗ്ഗം 2024-25	189209	0
		150000	199/25-അതിദാരിദ്ര്യ വെന നിർമ്മാണം	150000	0
		36000	48/25- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്പോട്ടുകിറ്റ്	36000	0
		87007	42/25-അങ്കണവാടി പോഷകാഹാരം ജനറൽ	87007	0
		200000	5/25-ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി	200000	0
ആകെ ഇക		**1085733**		**1085733**	**0**
മിച്ചപ്ര പഞ്ചായത്ത്	2024-25	156000	19/25-ഓൺ ക്ലാസിക്ക് ക്ലിനിക്കൽ	156000	0
		97740	125/25-സാന്ത്വന പരിചരണ പദ്ധതി	97740	0
		99145	125/25-സാന്ത്വന പരിചരണ പദ്ധതി	99145	0
		1991175	7/25-ലൈഫ് വെന പദ്ധതി-പട്ടിക ജാതി 2024-25	1991175	0
		150000	8/25-ലൈഫ് വെന പദ്ധതി-പട്ടിക വർഗ്ഗം 2024-25	150000	0
		408000	192/25-ലൈഫ് വെന പദ്ധതി-ജനറൽ	408000	0
		590000	190/25-ലൈഫ് വെന പദ്ധതി-പട്ടിക വർഗ്ഗം	590000	
		773000	191/25-ലൈഫ് വെന പദ്ധതി-പട്ടിക ജാതി	773000	
		720000	6/25-ലൈഫ് വെന പദ്ധതി-ജനറൽ 2024-25	720000	
		12000	48/25- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്പോട്ടുകിറ്റ്	12000	
		108385	51/25- ബഡ്സ് സ്കൂളിന് ആവശ്യമായ ചെലവുകൾ	108385	
		150000	5/25-ക്ഷീര കർഷകർക്ക്	150000	

			പാലിന് സബ്സിഡി	
		110780	123/25-ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി	110780
ആകെ തുക		5366225		5366225 0

4-4 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രോജക്ടിന്റെ പേര്	വൗച്ചർ നം /ബിൽ നമ്പർ	ട്രഷറി നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെപ്പസ്.ഇ.ഡി	പ്രോ.നം.50206/25 എം.സി.എഫ് മൈനർ റിനൊവേഷൻ കെപ്പസ്.ബിൽഡ് ഇക അടുക്കള	1)XVFC/2024-25/P/18, തീയ്യതി. 09.12.2024 Rs.2,06,161 2)XVFC/2024-25/P/20. തീയ്യതി. 13.12.2024 Rs.22,907 3)XVFC/2024-25/P/27, തീയ്യതി. 03.03.2025, Rs.6,642	2,35,710	2,35,710	0

4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം.

ഇല്ല

4-6 വായ്പാ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിലേയ്ക്കും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദാംശം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	ആകെ വായ്പ തുക	തൽവർഷം ലഭിച്ച വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൽവർഷം തിരിച്ചടച്ച തുക	വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
KURDFC ലൈവ് സ്റ്റോക്ക് പദ്ധതി	ജെ.ഡി(എം.എസ്) നം. 68/2018/ സഹ്യ, തിയതി 18.05.2018	വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല	3850000	61,27,807	18,55,437	822370

4-7 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

4-8 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൽവർഷം ലഭിച്ച 600/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേര്	ചെലാൻ നമ്പർ തിയ്യതി
2022-23	1-10	600	ഓഡിറ്റ് സൂപ്രണ്ട് കിന്നിംഗാർ	1241001344 DL17.03.2025
ആകെ		600		

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

ഗ്രാമ പഞ്ചായത്തിലെ ഉദ്ഗമന ഓഡിറ്റ് റിപ്പോർട്ടുകളിൽ കൊള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1998-99-	30	1999-2000	iv-77-a)	പുതുതായി എസ്.സി. കോളനി കിണർ നിർമ്മാണം, സിമന്റിന് അധികം ഇക വകയിരുത്തൽ	നിയമസഭാ സമിതി റിപ്പോർട്ടിൽ ഇക തിരിച്ചടച്ചതായി സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ തുക തിരിച്ചടച്ചതായോ എന്ന് പരാമർശിച്ചു കാണുന്നില്ല. സമിതിയിൽ നിന്നും ഇടർ നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു. (LFAC 2006-08, 7 മത് റിപ്പോർട്ട്)
1998-99-	33	1999-2000	iv-77-b)	വിനിയോഗിക്കാതെ തിരിച്ചടച്ച തുക ഇകയ്ക്ക് പകരം ഇടാക്കിയിട്ടില്ല.	നിയമ സഭാ സമിതി റിപ്പോർട്ടിൽ ഇക തിരിച്ചടച്ചതിനെ അഭിനന്ദിച്ചിട്ടുണ്ടെങ്കിലും തുക തിരിച്ചടച്ചതായോ എന്ന് പരാമർശിച്ചിട്ടില്ല. സമിതിയിൽ നിന്നും ഇടർ നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു. (LFAC 2006-08, 7-ാമത് റിപ്പോർട്ട്)
2015-16	2-1	2016-17	അധ്യായം I അനുബന്ധം 3	വസ്തു നികുതി പരാമർശങ്ങൾ	നിയമ സഭാ സമിതി പരിഗണനയിൽ.
2015-16	2-2, 2-3	2016-17	അധ്യായം 2 അനുബന്ധം 5	തൊഴിൽ നികുതി പരാമർശങ്ങൾ	നിയമ സഭാ സമിതി പരിഗണനയിൽ.
തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഡെപ്പോസിറ്റ് പ്രവൃത്തികൾ- അവലോകന റിപ്പോർട്ട് 2017-18	-	2017-18	2-6 (പേജ് 367 to 372 & 502 503, 505) & അനുബന്ധം 7.	സമയബന്ധിതമായി പൂർത്തീകരിക്കാത്ത പദ്ധതികൾ. ഒപ്പ. നം. 39/16 ധനവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ	നിയമ സഭാ സമിതി പരിഗണനയിൽ. ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ മറുപടി പരിശോധിച്ച് ഹെഡ്ക്വാർട്ടേഴ്സിലേക്ക് റിപ്പോർട്ട് നൽകി യിട്ടുണ്ട്.

4-10 പരിഷ്കരിച്ച നടപടികളുടെ വിവരം

ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക – ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ/ഈടാക്കാവാൻ അവശേഷിക്കുന്ന തുക – ഇല്ല

(സി) സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചത് സംബന്ധിച്ച വിവരം

ക്രമ നം.	റിപ്പോർട്ട് വർഷം	ഖണ്ഡിക നം	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, സ്ഥാനം	ചാർജ് സർട്ടിഫിക്കറ്റ്		സ്വയം അടവാക്കിയ തുക (ഡയറി നമ്പർ, തീയതി)	വസൂലാക്കിയതിലൂടെ ഈടാക്കിയ തുക (തീയതി)	കോടതി വ്യവഹാരങ്ങളിൽ		ആകെ ലഭ്യമായ തുക	അവശേഷിക്കുന്ന തുക ./ ലഭ്യമല്ല	നിരീക്ഷണം
				നമ്പരും തീയതിയും	തുക							
1	2	3	4	5	6	7	8	9	10	11	12	13
1	2013-14	GL 3-5	വിശ്വനാഥൻ. പ്ലാപ്പിനി അസിസ്റ്റന്റ് എഞ്ചിനീയർ	KSA.10872/ Spl.Cell/ Csc/ C2/2017 Dt. 14.10.2020	₹13,402/-					0	₹13,402/-	തുക ലഭ്യമായിട്ടില്ല
2	2013-14	GL 3-7	വിശ്വനാഥൻ. പ്ലാപ്പിനി അസിസ്റ്റന്റ് എഞ്ചിനീയർ	KSA.10872/ Spl.Cell/ Csc/ C2/2017 Dt. 14.10.2020	₹1,290/-					0	₹1,290/-	തുക ലഭ്യമായിട്ടില്ല
3	2013-14	GL 3-8	കാർത്തികേയ അസിസ്റ്റന്റ് എഞ്ചിനീയർ	KSA.10872/ Spl.Cell/ Csc/ C2/2017 Dt. 24.02.2020	₹11,149/-					0	₹11,149/-	തുക ലഭ്യമായിട്ടില്ല

4-11 ഓഡിറ്റ് പ്രതിവേദനകൾ

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷമായ ആകെ വരവ്	2,69,71,069
ഓഡിറ്റ് വർഷമായ ആകെ ചെലവ്	2,66,85,781
വരവിനത്തിലുള്ള സഞ്ചയം	ഇല്ല
ചെലവിനത്തിലുള്ള സഞ്ചയം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ കണ്ടുപിടിച്ചതായ തുക	**9,62,018**

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനെബാധിച്ച വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ കണ്ടുപിടിച്ചതായ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപദവിയും
1-11	27,220	ശ്രീ ജിനീഷ് കുമാർ. ഇ, സെക്രട്ടറി-ഇൻ-ചാർജ്ജ്
1-14	57,663	ശ്രീ ജിനീഷ് കുമാർ. ഇ, സെക്രട്ടറി-ഇൻ-ചാർജ്ജ്
1-15	36,735	ശ്രീ ജിനീഷ് കുമാർ. ഇ, സെക്രട്ടറി-ഇൻ-ചാർജ്ജ്
1-18	2,77,000	ശ്രീമതി ജയലക്ഷ്മി. എസ്, പ്രധാനാധ്യാപിക

1-19	79,150	ശ്രീമതി ജയലത.എസ്, പ്രധാനധ്യാപിക
1-20	4,84,250	ശ്രീമതി ജയലത.എസ്, പ്രധാനധ്യാപിക
ആകെ	9,62,018	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയുമായുള്ള സഹായത്തിന്റെ വിവരം.

ഇല്ല.

(ഡി) സഹായം നിലച്ചുപോയാൽ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന സാങ്കേതികയോഗ്യതയുള്ളവരുടെ സഹിതം മേൽവിലാസം

പേരും ഉദ്യോഗപദവിയും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സഹിതം മേൽവിലാസം
ശ്രീ ജിനീഷ് കുമാർ ഇ, സെക്രട്ടറി-ഇൻ-ചാർജ്ജ്	അഴിയൂർ ഗ്രാമപഞ്ചായത്ത്	വിജിന നിവാസ് കാരിയാട് സൗത്ത് പി ഒ, കണ്ണൂർ
ശ്രീമതി ജയലത.എസ്, പ്രധാനധ്യാപിക	ജി എൽ പി എസ് നെല്ലിയേരി	ശ്രീവത്സം പെരിങ്ങോം തിയർ സി എച്ച് സി മാമ്പറ്റപ്പടി കോറ്റായി - 671551

4-12 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകയിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1990-91, 1991-92, 1992-93	KSA/KSD7/219(4)/2021 Dt. 16.03.2021	04 (ഖ.ര. 12, 13, 14, 15)
1996-97	KSA/KSD7/627/21(1) Dt. 27.08.2022	2 (ഖ.ര. 24, 34)
1997-98	KSA/KSD7/627/21(2) Dt. 27.08.2022	3 (ഖ.ര. 16, 24, 30)
1998-99	KSA/KSD7/627/21(3) Dt. 27.08.2022	04 (ഖ.ര. 29, 30, 31, 33,)
1999-2000	KSA/KSD7/627/21(4) Dt. 27.082022	03 (ഖ.ര. 33, 34, 36)
2000-2001	KSA/KSD7/86/22 Dt. 27.08.2022	9 (ഖ.ര. 22 A, 27, 29, 30, 32, 38, 39, 40, 42)
2001-2002 Plan	LF/KSD6/802/2003 11.03.2005	09 (ഖ.ര ഖണ്ഡിക 19 വരെ)
2001-02 Final	KSA/KSD7/86/22 (1)dt. 27.08.2022	01 (ഖ.ര. 3-7)
2002-03	KSA/KSD7/86/22 (2) Dt. 27.08.2022	04 (ഖ.ര.3-2 A, 3-2 B, 3-4, 3-5)
2003-04	KSA/KSD7/86/22(3) Dt. 27.08.2022	08 (ഖ.ര. 3-1, 3-2, 3-3, 3-5, 3-10, 3-11, 3-12, 3-13)